# NATIONAL BULLETIN

DATE : 05.06.2025 | പ്രധാന വാർത്തകൾ | TIME:12.50PM

1.) ഭൂമിയെ സംരക്ഷിക്കുന്നതിനും, സമകാലിക വെല്ലുവിളികളെ അതിജീവി ക്കുന്നതിനുമുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് പരിസ്ഥിതി ദിന സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ഓപ്പറേഷൻ സിന്ദൂറിന്റെ വിജയാർത്ഥം ന്യൂഡൽഹിയിലെ വസതിയിൽ പ്രധാനമന്ത്രി വൃക്ഷത്തൈ നട്ടു.

**On the World Environment Day, Prime Minister Narendra Modi urged the people to deepen their efforts towards protecting the planet and overcoming the challenges. PM planted a Sindoor sapling at his residence in New Delhi On the occasion of World Environment Day today.**

2) സംസ്ഥാനത്തും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ. നാടിൻറെ വികസനം പ്രകൃതി സൗഹാർദം മുൻനിർത്തിയുള്ളതാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Extensive programs were held in connection with World Environment Day across Kerala. Chief Minister Pinarayi Vijayan said that eco-friendliness should be prioritized in development activities.**

3) ഭീകരവാദത്തെ തടയാൻ പാക്കിസ്ഥാൻ ആത്മാർത്ഥ ശ്രമങ്ങൾ നടത്താത്ത പക്ഷം ഒരു

ചർച്ചയ്ക്കും ഇന്ത്യ തയ്യാറാവില്ലെന്ന് കോൺഗ്രസ് എംപി ശശി തരൂർ .

**Multi-party delegation led by Congress MP Shashi Tharoor has strongly put forth India's resolute stand against terrorism during a series of meetings held with leaders, senior officials and Indian diaspora in the USA.**

4) കത്ര-ബാരാമുള്ള വന്ദേഭാരത് ട്രെയിൻറെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നാളെ ജമ്മു കശ്മീരിൽ നിർവഹിക്കും

**Prime Minister Narendra Modi will inaugurate tomorrow the Vande Bharat train service between Katra and Baramulla**

5) നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും

**Deadline to withdraw nomination papers for Nilambur byelection ends today.**

6) അസമിൽ പ്രളയ സാഹചര്യം രൂക്ഷം. ആറ് ലക്ഷത്തോളം പേർ ദുരിതത്തിൽ.

**In Assam, the flood situation continues to remain grim as incessant rain has led to a rise in water levels , affecting over six lakh people.**

**&&&&&&&&&&&&&&&**

## HEADLINE-1

**PM- ENVIRONMENT (intro)**

***ഭൂമിയെ സംരക്ഷിക്കുന്നതിനും, സമകാലിക വെല്ലുവിളികളെ അതിജീവിക്കുന്നതിനുമുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് പരിസ്ഥിതി ദിന സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി . പരിസ്ഥിതിയെ ഹരിതാഭവും, മെച്ചപ്പെട്ടതുമാക്കാൻ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അദ്ദേഹം അഭിനന്ദനങ്ങൾ നേർന്നു.***

***(ഹോൾഡ്)***

***ലോക പരിസ്ഥിതി ദിനാചരണത്തിൻറെ ഭാഗമായി പ്രധാനമന്ത്രി ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിൽ വൃക്ഷത്തൈ നട്ടു. ആരവല്ലി ഗ്രീൻ വാൾ പദ്ധതിയുടെയും ഏക് പേഡ് മാ കേ നാം സംരംഭത്തിൻറെയും ഭാഗമായാണ് ആൽമരത്തൈ നട്ടത്. ആരവല്ലി പർവ്വത മേഖലയ്ക്ക് ചുറ്റുമുള്ള 5 കിലോമീറ്റർ ബഫർ സോണിലേക്ക് ഹരിത കവചം വ്യാപിപ്പിക്കുന്ന വനവത്കരണ പദ്ധതിയാണിത്. ഡൽഹി സർക്കാരിന്റെ സുസ്ഥിര ഗതാഗത സംരംഭത്തിൻറെ ഭാഗമായ 200 ഇലക്ട്രിക് ബസുകളും പ്രധാനമന്ത്രി ചടങ്ങിൽ ഫ്ലാഗ് ഓഫ് ചെയ്തു.***

***ഓപ്പറേഷൻ സിന്ദൂറിന്റെ വിജയാർത്ഥം പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ തന്റെ വസതിയിലും വൃക്ഷത്തൈ നട്ടു. ഗുജറാത്തിലെ കച്ചിൽ നിന്നുള്ള വനിതകളാണ് പ്രധാനമന്ത്രിക്ക് വൃക്ഷത്തൈ സമ്മാനിച്ചത്.***

**&&&&&&&&&&&&&&&&&**

**REV PM-WORLD ENVIRONMENT DAY**

ലോക പരിസ്ഥിതി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ആശംസകൾ നേർന്നു. പരിസ്ഥിതിക്ക് വേണ്ടിയുള്ള ഓരോ പ്രവൃത്തിയും പ്രധാനമാണെന്നും, ഭാവി തലമുറകൾക്കായി കൂടുതൽ ഹരിതാഭമായ ഭൂമിയെ സൃഷ്ടിക്കാൻ കൂട്ടായ പ്രവർത്തനം സഹായിക്കുമെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. പരിസ്ഥിതി സൗഹൃദ ശീലങ്ങൾ സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രീമതി മുർമു ജനങ്ങളോട് ആഹ്വാനം ചെയ്തു. എല്ലാ ജീവജാലങ്ങളുടെയും ക്ഷേമം ഭൂമിയുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&

## HEADLINE-2

**ENVIRONMENT DAY CM+GOVERNOR**

സംസ്ഥാനത്തും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികളാണ് നടക്കുന്നത്. കാലാവസ്ഥാവ്യതിയാനം പരിസ്ഥിതി നാശം എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കിടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം കൂട്ടായ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പരിസ്ഥിതി ദിന സന്ദേശത്തിൽ പറഞ്ഞു. നാടിന്റെ വികസനം സുസ്ഥിരവും പ്രകൃതി സൗഹാർദം മുൻനിർത്തിയുള്ളതും ആകണമെന്നും അദ്ദേഹം വ്യക്തമാക്കി. 2025 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്യു. ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി ഇന്ന് നിർവ്വഹിക്കും. അതേസമയം രാജ് ഭവനിൽ ഇന്ന് നടത്താനിരുന്ന പരിസ്ഥിതി ദിനാഘോഷ പരിപാടി കൃഷി വകുപ്പ് ഒഴിവാക്കി. സർക്കാർ പരിപാടികളിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത ചടങ്ങുകൾ ഒഴിവാക്കണമെന്ന കൃഷിവകുപ്പിന്റെ ആവശ്യം രാജ്ഭവൻ നിരസിച്ചതിനെ തുടർന്നാണ് ചടങ്ങ് സെക്രട്ടേറിയറ്റ് ദർബാർ ഹാളിലേക്ക് മാറ്റിയത്.

&&&&&&&&&&&&&&

## HEADLINE-3

**Shashi Tharoor (Intro)**

***ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ഭീകരവാദ ത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനായി നിയോഗിച്ച അഞ്ച് സർവകക്ഷി പ്രതിനിധി സംഘങ്ങൾ ദൗത്യം വിജയകരമായി പൂർത്തിയാക്കി . ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം അമേരിക്കയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായും യുഎസ് കോൺഗ്രസിലെ നേതാക്കളുമായും കൂടിക്കാഴ്ച നടത്തി. ഭീകരവാദത്തെ തടയാൻ പാക്കിസ്ഥാൻ ആത്മാർത്ഥ ശ്രമങ്ങൾ***

***നടത്താത്ത പക്ഷം ഒരു ചർച്ചയ്ക്കും ഇന്ത്യ തയ്യാറാവില്ലെന്ന് ശ്രീ തരൂർ പറഞ്ഞു.***

***(ഹോൾഡ്)***

**&&&&&&&&&&&&&&**

# HEADLINE-4

**PM– J AND K VISIT**

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ജമ്മു കശ്മീർ സന്ദർശിക്കും. കത്ര-ബാരാമുള്ള വന്ദേഭാരത് ട്രെയിനിന്റെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നിർവഹിക്കും ലോകത്തെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ ആർച്ച് പാലമായ, ചെനാബ് ബ്രിഡ്ജും, അംജിഖഡ് റെയിൽവേ പാലവും അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. . 46,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം കത്രയിൽ തുടക്കം കുറിക്കും. കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവ്, ജിതേന്ദ്രസിങ്ങ്, ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള തുടങ്ങിയ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

**&&&&&&&&&&&&&&**

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

**&&&&&&&&&&&&&&**

# HEADLINE-5

**NILAMBUR**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് വൈകുന്നേരം മൂന്ന് മണിയോടെ അവസാനിക്കും. ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം സ്ഥാനാർത്ഥികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സര രംഗത്തുണ്ട്. വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&

## HEADLINE-6

### DAY ASSAM FLOOD

അസമിൽ കനത്ത മഴ തുടരുന്നതോടെ പ്രളയ സാഹചര്യം കൂടുതൽ രൂക്ഷമായി. 19 ജില്ലകളിലായി ആറ് ലക്ഷത്തോളം പേരെയാണ് പ്രളയം ബാധിച്ചത്. ഏഴ് ദിവസത്തിനിടെ 14 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ബ്രഹ്മപുത്ര ഉൾപ്പെടെയുള്ള നദികൾ കരകവിഞ്ഞൊഴുകുകയാണ്. റോഡ്, റെയിൽ, ഫെറി ഗതാഗത സംവിധാനങ്ങളെയും വെള്ളപ്പൊക്കം ബാധിച്ചു. 41,000 പേരാണ് സംസ്ഥാനത്ത് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത്. ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വിഭാഗത്തിന്റെ മുന്നറിയിപ്പ്.

&&&&&&&&&&&&&&&

### DAY SIKKIM – STRANDED TOURISTS

സിക്കിമിൽ, ചറ്റേൻ മേഖലയിൽ കുടുങ്ങിയ വിനോദസഞ്ചാരികളെ ഒഴിപ്പിക്കുന്ന നടപടി പാക്യോങ് ഗ്രീൻഫീൽഡ് വിമാനത്താവളത്തിൽ ഇന്ന് ആരംഭിച്ചു. എംഐ - 17, ചീറ്റ ഹെലികോപ്റ്ററുകൾ ഉപയോഗിച്ചുള്ള ദൗത്യത്തിലൂടെ 40-ലേറെ പേരെ വിജയകരമായി ഒഴിപ്പിച്ചു. ഉച്ചയോടെ ഒഴിപ്പിക്കൽ

നടപടികൾ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലാച്ചുങ്ങ് മേഖലയിൽ കുടുങ്ങിയ 1600-ഓളെ സഞ്ചാരികളെയും സുരക്ഷിതമായി ഒഴിപ്പിച്ചിരുന്നു. ചറ്റേൻ മണ്ണിടിച്ചിൽ കാണാതായ ആറ് സൈനികർക്കായുള്ള തിരച്ചിലും പുരോഗമിക്കുകയാണ്. സിക്കിം മുഖ്യമന്ത്രി പ്രേം സിങ്ങ് തമാങ്ങിന്റെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&

**COVID**

രാജ്യത്ത് നിലവിൽ 4,866 പേർക്ക് കോവിഡ് റിപ്പോർട്ട് ചെയ്തതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിൽ 1,487 കേസുകൾ കേരളത്തിലാണ്. ഡൽഹിയിൽ 562 കേസുകളും പശ്ചിമബംഗാളിൽ 538 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&

**GOVT CENSUS**

രാജ്യത്ത് അടുത്ത ജനസംഖ്യാ കണക്കെടുപ്പ് 2027 ൽ നടത്തുമെന്ന് കേന്ദ്രസർക്കാർ. രണ്ടു ഘട്ടങ്ങളായി നടക്കുന്ന സെൻസസിൻറെ ഭാഗമായി ജാതി തിരിച്ചുള്ള കണക്കെടുപ്പും നടക്കും. 2027 മാർച്ച് ഒന്നു മുതലാണ് കണക്കെടുപ്പെങ്കിലും ജമ്മുകശ്മീർ, ഹിമാചൽ, ഉത്തരാഖണ്ഡ് തുടങ്ങിയ അതിശൈത്യ മേഖലകളിൽ 2026 ഒക്ടോബർ ഒന്നിന് തന്നെ ഇതാരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&

**PM GARIB KALYAN**

ദാരിദ്ര്യ നിർമാർജ്ജനത്തിനായി കേന്ദ്ര സർക്കാർ സ്വീകരിച്ച സുപ്രധാന നടപടികളെക്കുറിച്ചും, പൗര ശാക്തീകരണം, അടിസ്ഥാന സൗകര്യ വികസനം, എന്നിവയ്ക്ക് നൽകുന്ന പ്രധാന്യത്തെക്കുറിച്ചും വിശദമാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി . പ്രധാനമന്ത്രി ആവാസ് യോജന, ഉജ്ജ്വല യോജന, ജൻ ധൻ യോജന, ആയുഷ്മാൻ ഭാരത്

തുടങ്ങിയ സംരംഭങ്ങൾ ഭവന നിർമ്മാണം, ശുദ്ധമായ പാചക ഇന്ധനം, ബാങ്കിംഗ്, ആരോഗ്യ സേവനങ്ങൾ എന്നിവ ജനങ്ങളിലേക്കെത്തിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു . നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം, ഡിജിറ്റൽ ഉൾപ്പെടുത്തൽ എന്നിവ സുതാര്യതയും, ആനുകൂല്യങ്ങളുടെ വേഗത്തിലുള്ള വിതരണവും ഉറപ്പാക്കിയതായും അദ്ദേഹം പറഞ്ഞു. രാജ്യത്തെ 25 കോടിയിലധികം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ ഈ സംരംഭങ്ങൾക്ക് സാധിച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി. എല്ലാ പൗരന്മാർക്കും അന്തസ്സോടെ ജീവിക്കാൻ അവസരമുള്ള, സ്വയംപര്യാപ്തമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയും അദ്ദേഹം ആവർത്തിച്ചു.

&&&&&&&&&&&&&&

**HAJJ**

ഹജ്ജ് കർമത്തിലെ പ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്. 18 ലക്ഷത്തിലധികം തീർത്ഥാടകർ ഇത്തവണ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് കണക്കാക്കുന്നത്.

&&&&&&&&&&&&&&

**STAMPEDE**

ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഇന്നലെ റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിൻറെ വിജയാഘോഷത്തിനിടെ 11 പേർ മരിക്കാനിടയായ സംഭവം കർണാടക ഹൈക്കോടതി ഇന്ന് പരിഗണിക്കും. ഇത് സംബന്ധിച്ച പൊതുതാത്പര്യ ഹർജിയാണ് ഉച്ചകഴിഞ്ഞ് കോടതി പരിഗണിക്കുക. സംഭവത്തിൽ, മജിസ്ട്രേറ്റ് തല അന്വേഷണവും കർണാടക സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

**REV. US – UNSC GAZA RESOLUTION**

ഗാസയിൽ അടിയന്തരവും നിരുപാധികവുമായ സ്ഥിരം വെടിനിർത്തൽ ആവശ്യപ്പെടുന്ന ഐക്യരാഷ്ട്രസഭ രക്ഷാ സമിതിയുടെ

പ്രമേയം അമേരിക്ക വീറ്റോ ചെയ്തു, ബ്രിട്ടൺ ഉൾപ്പെടെ മറ്റ് 14 അംഗരാജ്യങ്ങളുടെ പിന്തുണ പ്രമേയത്തിനുണ്ടായിരുന്നു. ഗാസയിലെ മാനുഷിക പ്രതിസന്ധിയെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ആശങ്കകൾക്കിടയിലാണ് പ്രമേയം അവതരിപ്പിച്ചത്. നിരായുധീകരണത്തോടുള്ള ഹമാസിന്റെ വിയോജിപ്പാണ് കരടിനെ എതിർക്കാനുള്ള പ്രധാന കാരണമായി യുഎസ് ചൂണ്ടിക്കാട്ടുന്നത്.

&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&